# കേരള സർവകലാശാല

നം.പി.ആർ.215/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി സ്പോട്ട് അലോട്ട്മെന്റ് 2016–17

കേരള സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.ടി കോളേജുകളിൽ എം.എ/ എം.എസ്സി / എം.കോം കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് നവംബർ 15–ന് സർവകലാശാലയുടെ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തും. രാവിലെ 10 മണിക്ക് പ്രവേശനം തുടങ്ങും. നവംബർ രണ്ട്, മൂന്ന് തീയതികളിൽ നടന്ന സ്പോട്ട് അഡ്മിഷനുവേണ്ടി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റ് പൂർണ്ണമായും അവസാനിച്ചാൽ മാത്രം രണ്ട്, മൂന്ന് തീയതികളിൽ രജിസ്റ്റർ ചെയ്യാത്തവരെ പരിഗണിക്കും. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരണം. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. നിശ്ചിത പ്രവേശനഫീസായ 720 രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്. കേരള സർവകലാശാലയുടേതല്ലാത്ത മറ്റ് സർവകലാശാല ബിരുദമുള്ളവർ കേരള സർവകലാശാലയുടെ യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഒഴിവുള്ള കൂടുതൽ സീറ്റുകളും സ്വാശ്രയ കോളേജുകളിലാണ്. സ്വാശ്രയ കോളേജുകളിലെ ഫീസ് ഘടന ഗവ./എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് കൂടുതലാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ പുതുതായി പ്രവേശനം ഉറപ്പാകാതെ പഠിച്ചുകൊണ്ടിരിക്കുന്ന കോളേജുകളിൽ നിന്നും ടി.സി വാങ്ങരുത്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ടി.സി നിർബന്ധമല്ല. വിവിധ കോഴ്സുകൾക്ക് ഒഴിവുള്ള സീറ്റുകളുടെ വിവരം വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

### എം.ഡി കമ്മ്യൂണിറ്റി മെഡിസിൻ ഫലം

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ എം.ഡി കമ്മ്യൂണിറ്റി മെഡിസിൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### എം.ബി.എ (സി.എസ്.എസ്) ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.ബി.എ (ജനറൽ – 2014–16 ബാച്ച് – സി.എസ്.എസ്) ഫലം പ്രസിദ്ധീകരിച്ചു. അനുഭ എസ് നായർ (രജി.നം MGT 1405008) ഒന്നാം റാങ്ക് നേടി.

ജൂലൈയിൽ നടത്തിയ എം.ബി.എ (ടൂറിസം – 2014–16 ബാച്ച് – സി.എസ്.എസ്) ഫലം പ്രസിദ്ധീകരിച്ചു. അശ്വതി കൃഷ്ണൻ ബി.എ (രജി.നം MTM 1405011) ഒന്നാം റാങ്ക് നേടി.

## എം.എ മ്യൂസിക് (സി.എസ്.എസ്) ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ എം.എ മ്യൂസിക് (2014-16 ബാച്ച് - സി.എസ്.എസ്) ഫലം പ്രസിദ്ധീകരിച്ചു. സൗമ്യ എം.എസ് (രജി.നം MUC 140508) ഒന്നാം റാങ്ക് നേടി.

## ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല നവംബർ 29-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ, ബി.എസ്സി, ബി.കോം, ബി.ബി.എ, ബി.സി.എ, ബി.പി.എ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in.) ലഭിക്കും. 2013-ന് മുമ്പുള്ള അഡ്മിഷൻ പരീക്ഷകൾ പിന്നീട് നടത്തും.

## എം.ഫിൽ സീറ്റൊഴിവുകൾ

കേരള സർവകലാശാല അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്, ബോട്ടണി, സൈക്കോളജി, ഇക്കണോമിക്സ്, എഡ്യൂക്കേഷൻ, ജിയോളജി, ലൈബ്രറി സയൻസ്, ലോ, നാനോ സയൻസ് ആൻഡ് ടെക്നോളജി, ഫിലോസഫി പഠനവകുപ്പുകളിലെ എം.ഫിൽ പ്രോഗ്രാമുകളിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അഡ്മിഷൻ നവംബർ 18 രാവിലെ 10.30ന് നടക്കും. താൽപര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ അന്നേ ദിവസം അതത് പഠനവകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കെമിസ്ട്രി, ഇക്കണോമിക്സ് പഠനവകുപ്പുകളിലെ എം.ഫിൽ പ്രോഗ്രാമുകളിൽ എസ്.ടി വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. താൽപര്യമുള്ള എസ്.ടി വിഭാഗത്തിൽപ്പെട്ടവർ നവംബർ 18 രാവിലെ 10.30-ന് അതത് പഠനവകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## ഡിപ്ലോമ ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ കോഴ്സ്

കേരള സർവകലാശാല കാര്യവട്ടം ബോട്ടണി പഠനവകുപ്പിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 20. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in.) ലഭിക്കും.

## സീറ്റൊഴിവ്

കേരള സർവകലാശാലയിൽ (ഐ.യു.സി.ജി.ഐ.എസ്.ടി) പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജിയിൽ ഏതാനും സീറ്റുകൾ (ജനറൽ/എസ്.സി, എസ്.ടി) ഒഴിവുണ്ട്. യോഗ്യത ജിയോളജി, ജിയോഗ്രാഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം. താൽപര്യമുള്ളവർ നവംബർ 25-നകം അപേക്ഷിക്കണം. വിശദവിവരങ്ങൾ www.cgist.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ. 04712308214.

## ടെക്നിക്കൽ അസിസ്റ്റന്റ്/ഫീൽഡ് അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പാഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ ടെക്നിക്കൽ അസിസ്റ്റന്റ്/ഫീൽഡ് അസിസ്റ്റന്റ് ഒഴിവിലേക്കുള്ള ഇന്റർവ്യൂ നവംബർ 25-ന് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in.) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

14.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**